# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 952 — 10/06/2019-ലെ മറുപടി

## നദീതടങ്ങളുടെയും അണക്കെട്ടുകളുടേയും നിയന്ത്രണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ഉബൈദുള്ള<br>ഡോ.എം. കെ. മുനീർ<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ കെ.എം.ഷാജി | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നദീതടങ്ങളുടെയും അണക്കെട്ടുകളുടേയും നിയന്ത്രണം ഒരു അതോറിറ്റിയുടെ കീഴിൽ കൊണ്ടുവരുവാൻ ആലോചിക്കുന്നുണ്ടോ; | എ | ഉണ്ട് |
| (ബി) എങ്കിൽ അതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത്;വ്യക്തമാക്കാമോ; | ബി | സംസ്ഥാനത്തിന്റെ ജലസ്രോതസ്സുകളായ നദികളെയും അണക്കെട്ടുകളേയും ശരിയായ വിധം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി , സംയോജിത ജലവിഭവ പരിപാലനം ((Integrated Water Resources Management) എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഒരു River Basin Conservation and Management Authority (RBCMA) രൂപീകരിക്കുവാൻ സർക്കാർ തീരുമാനി ച്ചിട്ടുണ്ട്. അതിന്റെ ആദ്യപടിയായി RBCMA ആക്ടിന് രൂപം നൽകു ന്നതിനായി 03/05/2019 ലെ സ.ഉ (സാ)നം.306/2019/WRD പ്രകാരം സംസ്ഥാന തലത്തിൽ ഒരു സമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. സമിതിയുടെ ആദ്യ യോഗം 01/06/2019 ൽ ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും ഈ ആവശ്യത്തിലേയ്ക്കായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ. സുധീർ. കെ.പി ചെയർമാനായും ജലവിഭവ വകുപ്പ് സെക്രട്ടറി കോ-ചെയർമാനായും ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | സി 2018-ലെ പ്രളയത്തിൽ ഉണ്ടായ മനുഷ്യന്റെയും മറ്റ് ജീവജാലങ്ങളുടെയും ജീവനാശം , വ്യാപകമായ തോതിൽ അടിസ്ഥാന സൗകര്യങ്ങൾക്കുണ്ടായ നാശനഷ്ടം, ജലസേചന നിർമ്മിതികളുടെ നാശനഷ്ടം കാർഷിക വിളകളുടെ നാശം , ജനവാസമേഖലയിലേയ്ക്ക് പ്രളയജലം വ്യാപിച്ചതുമൂലമുണ്ടായ പ്രശ്നങ്ങൾ , ഉൾനാടൻ തീരദേശ സംരക്ഷണ സംവിധാനങ്ങൾ തകർന്നതുമൂലം വേമ്പനാട് കായലിലേയ്ക്കുള്ള ലവണ ജലത്തിന്റെ കടന്നു കയറ്റം, നദികളിലൂടെ വൻതോതിൽ ഒഴുകി വന്ന മണ്ണ് അടിഞ്ഞുകൂടി നഗരപ്രദേശങ്ങളിലെ ജലനിർഗ്ഗമന ചാലുകൾ അടഞ്ഞു പോയതിനെ തുടർന്നുണ്ടായ പ്രശ്നങ്ങൾ എന്നിവ കണക്കിലെടുത്ത് കേരളത്തിന്റെ സുസ്ഥിരമായ പുനർനിർമ്മാണം ലക്ഷ്യമാക്കിയുള്ള നവകേരള നിർമ്മാണത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി സംയോജിത ജലവിഭവ മാനേജ്മെന്റ് (ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സസ് മാനേജ്മെന്റ്) എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനായിട്ടാണ് സംസ്ഥാന തലത്തിൽ ഒരു നദീതട സംരക്ഷണ മാനേജ്മെന്റ് അതോറിറ്റി (റിവർ ബേസിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിനുള്ള അധികാരങ്ങളും ചുമതലകളും അതോറിറ്റിയിൽ നിക്ഷിപ്തമായിരിക്കും. |

**സെക്ഷൻ ഓഫീസർ**